**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2162** **09-02-2023 - ൽ മറുപടിയ്ക്ക്**

**കടുവ ആക്രമണത്തിൽ മരണമടഞ്ഞയാൾക്ക് ചികിത്സ വൈകിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വയനാട്ടിൽ കടുവ ആക്രമണത്തിൽ മരണമടഞ്ഞയാൾക്ക് ചികിത്സ വൈകിയെന്ന പരാതിയിൽ ആരോഗ്യ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) | കടുവയുടെ ആക്രമണത്തിൽ മാരകമായി മുറിവേറ്റിരുന്ന വ്യക്തിക്ക് നൽകേണ്ട ശുശ്രൂഷ വയനാട് മെഡിക്കൽ കോളേജിന്റെ ഭാഗത്തുനിന്നും നൽകിയില്ല എന്ന പരാതി ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | കടുവ ആക്രമണത്തിൽ പരുക്കേറ്റ വ്യക്തിക്ക് വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ ലഭ്യമായ അടിയന്തിര ചികിത്സകളെല്ലാം നൽകിയിട്ടുണ്ട്. അടിയന്തിരമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനമായ വാസ്കുലാർ സർജറി ചെയ്യേണ്ട വാസ്കുലാർ സർജൻ-ന്റെ സേവനം ലഭ്യമാക്കുന്നതിനാണ് പരുക്കേറ്റയാളെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിട്ടുള്ളത്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗികൾക്ക് നൽകുന്ന ചികിത്സയുടെ ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ കൂടുതൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ എല്ലാം തന്നെ എമർജൻസി മെഡിസിൻ വിഭാഗം സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എല്ലാ മെഡിക്കൽ കോളേജിലും രോഗികളുടെ ചികിത്സയിൽ താമസം നേരിടാതിരിക്കാനും, മികച്ച രോഗീ പരിചരണം ഉറപ്പു വരുത്താനും 'ക്വാളിറ്റി ഇംപ്രൂവ്മെൻറ് ഇനിഷ്യേറ്റീവ്" പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അതിന്റെ ഭാഗമായുള്ള പൈലറ്റ് പ്രോജക്റ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളെ രോഗിസൗഹൃദ-ജനസൗഹൃദമാക്കുന്നതിനു വേണ്ടി ആരംഭിച്ച ആർദ്രം മിഷനുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതി നടത്തിപ്പിനും പ്രവർത്തന അവലോകനത്തിനുമായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഒരു മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി മറ്റു മെഡിക്കൽ കോളേജുകളിലേക്കും ഉടൻ തന്നെ വ്യാപിപ്പിക്കുക എന്ന ലക്ഷ്യമാണുള്ളത്.<br><br>രോഗികൾക്ക് സേവനം നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്യാപ് അനാലിസിസ് നടത്തി അതിലെ അപാകതകൾ കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ പരിഹാരങ്ങൾ നിർദ്ദേശിക്കുന്ന ഒരു മാർഗ്ഗരേഖയുണ്ടാക്കാനുള്ള ശ്രമങ്ങൾ ഈ പദ്ധതി വഴി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ